കേരള സർവകലാശാല

നം. പി.ആർ.273/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## പുതുക്കിയ തീയതി

കേരള സർവകലാശാല ഡിസംബർ 19, 20, 21 ന് നടത്താനിരുന്ന പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷ 2018 ജനുവരി 9, 10, 11 തീയതികളിൽ നടത്തുന്നതാണ്.

## സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ കോഴ്സ് മോണിംഗ് ബാച്ച്– പ്രവേശനം

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ മോണിംഗ് കോഴ്സിന് ഡിസംബർ 30 വരെ അപേക്ഷിക്കാം. യോഗ്യത പ്ലസ് ടു/ പ്രീ-ഡിഗ്രി ജയിച്ചിരിക്കണം. ഫീസ് 6000 രൂപ. അപേക്ഷാ ഫീസ് 100 രൂപ. ക്ലാസുകൾ തിങ്കൾ മുതൽ വെള്ളി വരെ. സമയം രാവിലെ ഏഴ് മുതൽ ഒൻപത് വരെ. വിശദവിവരങ്ങൾക്ക് പി. എം.ജി-യിലുള്ള (സ്റ്റുഡന്റ്സ് സെന്റർ ക്യാമ്പസ്) സി.എ.സി.ഇ.ഇ കേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ:0471–2302523.

## ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് ഡിസംബർ 30 വരെ അപേക്ഷിക്കാം. യോഗ്യത : പ്ലസ്ടു/പ്രീ-ഡിഗ്രി ജയിച്ചിരിക്കണം. കോഴ്സ് ഫീസ് : 7500 (ഏഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) അപേക്ഷാഫീസ്: 100 രൂപ. കോഴ്സ് കാലാവധി ആറുമാസം. ക്ലാസ്സുകൾ : ശനി, ഞായർ ദിവസങ്ങളിൽ മാത്രം, സമയം : രാവിലെ 9.30 മുതൽ വൈകുന്നേരം 4.30 വരെ. അപേക്ഷാഫോറം പി.എം.ജി ജംങ്ഷനിലെ CACEE കേന്ദ്രത്തിൽ നിന്നും ലഭിക്കും. വിശദവിവരങ്ങൾക്ക് ഫോൺ : 0471 2302523.

## ക്വട്ടേഷനുകൾ ക്ഷണിക്കുന്നു

കേരള സർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസിൽ സ്ഥിതി ചെയ്യുന്ന മൂന്ന് വനിത ഹോസ്റ്റലുകളിലേക്ക് കരാർ അടിസ്ഥാനത്തിൽ മെസ് നടത്തുന്നതിന് വേണ്ടി താല്പര്യമുള്ള വ്യക്തികളിൽ നിന്നും, ഏജൻസികളിൽ നിന്നും പ്രത്യേകം സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. കരാർ കാലാവധി ഒരു വർഷം. ക്വട്ടേഷൻ ഒന്നിന് നിരതദ്രവ്യം 10,000/- രൂപ വീതം നൽകേണ്ടതാണ്. വിശദവിവരങ്ങൾക്ക് വെബ്സൈറ്റ് (www.keralauniversity.ac.in) സന്ദർശിക്കുകയോ ഹോസ്റ്റൽ വാർഡിന്റെ ഓഫീസുമായി ബന്ധപ്പെടുകയോ ചെയ്യുക. ഫോൺ 0471-238808 & 0471–2308141. ക്വട്ടേഷനുകൾ സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ 22.

## ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതല്ല

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന എല്ലാ കോഴ്സുകൾക്കും ഡിസംബർ 23 മുതൽ ജനുവരി മൂന്ന് വരെ ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതല്ല.

## പി.ജി. ഡിപ്ലോമ ഫലം

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രം സംഘടിപ്പിച്ച പി. ജി. ഡിപ്ലോമ ഇൻ യോഗ തെറാപ്പി കോഴ്സിന്റെ ജൂണിൽ നടത്തിയ

പരീക്ഷയുടെ ഫലം പ്രസിദ്ധികരിച്ചു. ലത. ബി (രജിസ്റ്റർ നമ്പർ.11152) ഒന്നാം റാങ്ക് നേടി.

## സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി & ഇൻഫർമേഷൻ സയൻസ് ഫലം

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം പനവൂർ മുസ്ലിം അസ്സോസിയേഷൻ കോളേജ് ഓഫ് ആർട്സ് & സയൻസ്, ആറ്റിങ്ങൽ ഗവൺമെന്റ് കോളേജ്, കാഞ്ഞിരംകുളം കെ.എൻ.എം ഗവൺമെന്റ് കോളേജ് ഓഫ് ആർട്സ് & സയൻസ് എന്നിവിടങ്ങളിലായി സംഘടിപ്പിച്ച സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി & ഇൻഫർമേഷൻ സയൻസ് കോഴ്സിന്റെ ആഗസ്റ്റിൽ നടത്തിയ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. റജികുമാർ ആർ.എസ് (രജിസ്റ്റർ നമ്പർ. 11352, കെ.എൻ.എം ഗവൺമെന്റ് കോളേജ് ഓഫ് ആർട്സ് & സയൻസ്, കാഞ്ഞിരംകുളം) ഒന്നാം റാങ്ക് നേടി.

## പരീക്ഷാ ഫലം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ പഠനകേന്ദ്രം ആഗസ്റ്റിൽ നടത്തിയ പി.ജി.ഡി.ഇ.പി.എം.എ, പി.ജി.ഡി.സി.ജെ, എം.എൽ.ഐ.എസ്.സി എന്നീ വിഷയങ്ങളുടെ സപ്ലിമെന്ററി പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്.സി നഴ്സിംഗ് പരീക്ഷ

കേരള സർവകലാശാല 2018 ജനുവരി 30 ന് നടത്തുന്ന ഒന്നാം വർഷ ബി.എസ്.സി നഴ്സിംഗ് (സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയ്ക്ക് പിഴ കൂടാതെ ജനുവരി ഒൻപത് (50 രൂപ പിഴയോടെ ജനുവരി 11, 125 രൂപ പിഴയോടെ ജനുവരി 15) വരെയും അപേക്ഷിക്കാവുന്നതാണ്.

## ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

കേരള സർവകലാശാലയുടെ പി.എം.ജി ജംങ്ഷനിൽ പ്രവർത്തിക്കുന്ന സ്റ്റുഡന്റ്സ് സെന്റർ കോമ്പൗണ്ടിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിനായി വ്യക്തികൾ/ഏജൻസികൾ നിന്ന് ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
16.12.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098